# മഹാത്മാ ഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 25

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2018 അഡ്മിഷൻ റഗുലർ, 2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 17ന് ആരംഭിക്കും. പിഴയില്ലാതെ ജൂലൈ ഒന്നുവരെയും 500 രൂപ പിഴയോടെ രണ്ടുവരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1198/2019)

സീപാസിലെ നാലാം സെമസ്റ്റർ ബി.ടെക് (2017 അഡ്മിഷൻ റഗുലർ, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷകൾ ജൂലൈ 10 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂൺ 27 വരെയും 500 രൂപ പിഴയോടെ 28 വരെയും 1000 രൂപ സൂപ്പർഫൈനോടെ ജൂലൈ ഒന്നുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി സെമസ്റ്ററൊന്നിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1199/2019)

സീപാസിലെ ആറാം സെമസ്റ്റർ ബി.ടെക് (2016 അഡ്മിഷൻ റഗുലർ, 2015 അഡ്മിഷൻ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷകൾ ജൂലൈ ഒൻപതുമുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂൺ 27 വരെയും 500 രൂപ പിഴയോടെ 28 വരെയും 1000 രൂപ സൂപ്പർഫൈനോടെ ജൂലൈ ഒന്നുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 50 രൂപ വീതം (പരമാവധി സെമസ്റ്ററൊന്നിന് 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/1200/2019)

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം.എസ്‌സി. സി.ഇ. ആന്റ് എൻ.ടി. (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്‌വർക്ക് ടെക്‌നോളജി - 2017 അഡ്മിഷൻ റഗുലർ/2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012-2014 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷകൾ ജൂലൈ 17 മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂൺ 29 വരെയും 500 രൂപ പിഴയോടെ ജൂലൈ ഒന്നുവരെയും 1000 രൂപ സൂപ്പർഫൈനോടെ മൂന്നുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1201/2019)

മൂന്നും നാലും സെമസ്റ്റർ/ രണ്ടാം വർഷ എം.കോം പ്രൈവറ്റ് (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 11 മുതൽ ആരംഭിക്കും.

(പി.ആർ.ഒ./39/1202/2019)

മൂന്നും നാലും സെമസ്റ്റർ എം.എ. പ്രൈവറ്റ് (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 11 മുതൽ ആരംഭിക്കും.

(പി.ആർ.ഒ./39/1203/2019)

മൂന്നും നാലും സെമസ്റ്റർ രണ്ടാം വർഷ എം.എസ്‌സി. പ്രൈവറ്റ് (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 11 മുതൽ ആരംഭിക്കും.

(പി.ആർ.ഒ./39/1204/2019)

## സംവരണ സീറ്റൊഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ എം.എസ്‌സി. രസതന്ത്ര പ്രോഗ്രാമിൽ പട്ടികവർഗ വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി ജൂൺ 28ന് രാവിലെ 10ന് സ്‌കൂൾ ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2731036.

(പി.ആർ.ഒ./39/1205/2019)

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പുല്ലരിക്കുന്ന് സ്‌കൂൾ ഓഫ് സോഷ്യൽ സയൻസസിലെ എം.എ. ഹിസ്റ്ററി, ആന്ത്രോപോളജി വിഷയങ്ങളിൽ എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ രേഖകളുമായി ജൂൺ 27ന് രാവിലെ 11ന് ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2392383.

(പി.ആർ.ഒ./39/1206/2019)

## സംവരണ സീറ്റൊഴിവ്; സ്‌പോട് അഡ്മിഷൻ ഇന്റർവ്യൂ നാളെ (ജൂൺ 27)

മഹാത്മാ ഗാന്ധി സർവകലാശാല ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫിനാൻസ് റിലേഷൻസിൽ എം.എ. ഇക്കണോമിക്‌സ് പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒഴിവുള്ള സീറ്റിലെ സ്‌പോട് അഡ്മിഷനുള്ള ഇന്റർവ്യൂ നാളെ (ജൂൺ 27) രാവിലെ 10ന് സെന്റർ ഡയറക്ടറുടെ ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/1207/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എഫ്.ടി./ബി.എസ്‌സി. അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (സി.ബി.സി.എസ്., 2017 അഡ്മിഷൻ റഗുലർ) മാർച്ച്/ഏപ്രിൽ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ ഒന്നുമുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1208/2019)

രണ്ടാം സെമസ്റ്റർ ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം (ട്രിപ്പിൾ മെയിൻ-സി.ബി.സി.എസ്. റഗുലർ/ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ നാലുമുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1209/2019)

നാലാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് മൈക്രോബയോളജി (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012-2013 അഡ്മിഷൻ മേഴ്‌സി ചാൻസ് - സി.എസ്.എസ്.) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് ആന്റ് വൈവാവോസി പരീക്ഷകൾ ജൂലൈ 23 മുതൽ പാലാ സെന്റ് തോമസ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1210/2019)

## വൈവാവോസി

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സംസ്‌കൃതം സ്‌പെഷൽ (സി.എസ്.എസ്.- റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ജൂൺ 27, 28 തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1211/2019)

## പരീക്ഷഫലം

2018 ജൂൺ/ജൂലൈ മാസങ്ങളിൽ നടന്ന നാല്, ആറ് സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്.എസ്. - 2013ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1212/2019)

## മാലിന്യമുക്ത കാമ്പസ്; ബോധവത്ക്കരണ പരിപാടി ഇന്ന് (ജൂൺ 26)

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിൽ ഹരിത നിയമാവലി പൂർണതോതിൽ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള രണ്ടാംഘട്ട ബോധവത്ക്കരണ പരിപാടി ഇന്ന് (ജൂൺ 26) നടക്കും. പഠനവകുപ്പുകളിലെ വിദ്യാർഥികൾക്കുവേണ്ടിയും ഒന്നാംഘട്ട പരിപാടിയിൽ പങ്കെടുക്കാത്ത ജീവനക്കാർക്കുവേണ്ടിയുമാണ് ബോധവത്ക്കരണ പരിപാടി നടക്കുക. ഉച്ച കഴിഞ്ഞ് 1.45ന് സർവകലാശാല അസംബ്ലി ഹാളിലാണ് പരിപാടി. കോഴിക്കോട് 'നിറവി'ലെ ബാബു പറമ്പത്ത് ക്ലാസെടുക്കും.

(പി.ആർ.ഒ./39/1213/2019)

## അധ്യാപക പോർട്ടൽ ജൂൺ 27ന് തുറക്കും

വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ടി മഹാത്മാ ഗാന്ധി സർവകലാശാല അധ്യാപക പോർട്ടൽ ജൂൺ 27 മുതൽ ജൂലൈ മൂന്നുവരെ തുറക്കുമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു. അധ്യാപകർ വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്യണം.

(പി.ആർ.ഒ./39/1214/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ